**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **05-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ്പിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഏതു വിധത്തിലാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ; | (എ) | പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 07.04.2021 -ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd -നെ L1 ആയി തെരഞ്ഞെടുക്കുകയും 06.08.2021 Award of Contract നൽകുകയും ഉണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നു വരുന്നു. പുതുക്കിയ അർ.എഫ്.പി യിൽ പറഞ്ഞിരിക്കുന്ന പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഇൻഷുറൻസ് കമ്പനി, Third Party Administrator മുഖേന തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽ ലിസ്റ്റ് സർക്കാറിന് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവരുടെ ആശ്രിതരുടെയും വിവരശേഖരണാർത്ഥം ശേഖരിച്ച data കമ്പനിയുമായി കൈമാറി പരസ്പര ഉടമ്പടി പ്രകാരം പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ബി) | പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേക്കും കൈമാറിയിട്ടുണ്ട്. കൂടാതെ e-tender നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട Oriental Insurance കമ്പനിയുമായി (L1) പദ്ധതിയെക്കുറിച്ചുള്ള ചർച്ചകളുമായി സർക്കാർ മുന്നോട്ടു പോകുന്നു. മെഡിസെപ് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 07.04.2021 ലെ ധനകാര്യ ബിഡിലൂടെ Oriental Insurance Company -യെ തെരെഞ്ഞെടുക്കുകയും 06.08.2021 -ൽ ടി കമ്പനിക്ക് അവാർഡ് ഓഫ് കോൺട്രാക്റ്റ് നൽകുകയും ചെയ്തു. പദ്ധതി താമസംവിന നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ